**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 649** **09-06-2021 - ൽ മറുപടിയ്ക്ക്**

**നട്ടിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2020-21 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന് ഡിസൈൻ തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | 2020-21 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവ് ആർ.സി.ബി-യുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് വേണ്ടി 15.30 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ നേരിട്ട് സ്ഥലപരിശോധന നടത്തി പ്രവൃത്തിയിൽ ചില മാറ്റങ്ങൾ വരുത്തുവാനുള്ള നിർദ്ദേശം കോഴിക്കോട് ഇറിഗേഷൻ നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നല്കിയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 16.50 ലക്ഷം രൂപ ആവശ്യമായതിനാൽ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയർക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ശേഷം ആർ.സി.ബി-യുടെ ഡിസൈൻ തയ്യാറാക്കിയതിനു ശേഷം മാത്രമേ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ